കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ സ്ഥിതി ചെയ്യുന്ന കീഴല്ലൂർ പട്ടാന്നൂർ വില്ലേജുകളിലായി മട്ടന്നൂർ വ്യവസായ പാർക്കിന്റെ വിപുലീകരണത്തിനു വേണ്ടി 500 ഏക്കർ ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള പ്രത്യാഘാതത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിൻമേൽവിദഗ്ധസമിതിയുടെ ശുപാർശ-

തീയ്യതി - 18/5/19

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ പട്ടാനൂർ,കീഴല്ലൂർ വില്ലേജുകളിലായി മട്ടന്നൂർ വ്യവസായ പാർക്കിന്റെ വിപുലീകരണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് രാജഗിരി ഔട്ട് റിച്ച്, രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ്,രാജഗിരി(പി,ഒ) എന്ന ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധ സമിതി കണ്ണൂർ ജില്ലാ കലക്ടറുടെ 17.04.2019 ലെ ഡിസികെഎൻആർ/3084/2016/സി6 നമ്പർ നടപടി ക്രമപ്രകാരം രൂപവൽക്കരിച്ചു.

വിദഗ്ധ സമിതിയുടെ പ്രാഥമിക യോഗം 08.05.2019-ാം തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് മട്ടന്നൂർ കിൻഫ്ര ആഫീസിൽ വച്ച് ചേർന്നു. സമിതി ചെയർപേഴ്സൺ ശ്രീമതി ജിജി.കെ അധ്യക്ഷത വഹിച്ചു. ഈ പദ്ധതിയെക്കുറിച്ചും വിദഗ്ധ സമിതി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അവർ വിശദീകരിച്ചു. തുടർന്ന് സമിതി അംഗങ്ങൾ പഠന റിപ്പോർട്ടിലെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തലശ്ശേരി താലൂക്കുകളിലെകീഴല്ലൂർ,പട്ടാന്നൂർ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നതും വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ടതുമായ ഏകദേശം 500ഏക്കർ ഭൂമിയാണ് ഈ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്

സ്ഥല പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും പഠന റിപ്പോർട്ടിൽ പ്രതിപാദിച്ച കാര്യങ്ങളും 18/5/19-ാം തീയ്യതി ഉച്ചയ്ക്ക് ശേഷം 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ വച്ച് ചേർന്ന വിദഗ്ധ സമിതിയുടെ അന്തിമ യോഗത്തിൽ വിശദമായി വിലയിരുത്തി താഴെ ചേർത്ത പ്രകാരം ശുപാർശകൾ സമർപ്പിക്കുന്നു.

1. കേരള സർക്കാർ സ്ഥാപനമായ കിൻഫ്രയുടെ മാനേജിംഗ് ഡയറക്ടറാണ് ഈ പദ്ധതിയുടെ അർത്ഥനാധികാരി. കേരളത്തിൽ വ്യവസായ വികസനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട അനുബന്ധ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് കേരളത്തിലെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് കിൻഫ്രയുടെ ലക്ഷ്യം .ആയതിനാൽ പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിനു വേണ്ടിയാണ്.

2. നിലവിൽ 128 ഏക്കർ ഭൂമിയോളം ഏറ്റെടുത്ത് വ്യവസായ പാർക്കിനു വേണ്ടിയുള്ള നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പ്രദേശത്തിനടുത്തായാണ് ഈ പദ്ധതി പ്രകാരം ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നത്. മാത്രവുമല്ല സാമൂഹ്യ പ്രത്യാഘാതം കുറവായ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ നിർദ്ദിഷ്ട ഭൂമിക്ക് പകരമായി മറ്റൊരു ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

3. ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ 415 കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കുന്നുണ്ട്. കൂടാതെ ചെമ്പക വീട്ടിൽ സന്താനവല്ലി (പഠന റിപ്പോർട്ടിൽ അപ്പാട വീട്ടിൽ ) സി വി കമലാക്ഷി ,കെ പി കൃഷ്ണൻ നായർ ,തളയങ്കണ്ടി നാസർ (വാസസ്ഥലവും റബ്ബർഷീറ്റ് സംഭരണ സ്ഥലവും) പി വി രജിത (വാസസ്ഥലവും റബ്ബർഷീറ്റ് സംഭരണ സ്ഥലവും)എന്നിവരുടെ വീട് നഷ്ടപ്പെടുന്നതായി പഠന റിപ്പോർട്ടിലുണ്ട്.എന്നാൽ ഈ 5 സ്ഥലങ്ങളും പരിശോധിച്ചപ്പോൾ പി വി രജിതയുടേത് വീടല്ലെന്നും റബ്ബറ് പുര മാത്രമാണെന്നും കണ്ടിരിക്കുന്നു. ആയതിനാൽ പുനരധിവാസ പാക്കേജിന്റെ ആനുകൂല്യം സമയ ബന്ധിതമായി ലഭ്യമാക്കി ഇദ്ദേഹത്തിനും കുടുംബാംഗങ്ങൾക്കും ഉള്ള ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രത്യാഘാതം പരിഹരിക്കാവുന്നതാണെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള RFCTLAR&R Act 2013 കേരള സർക്കാരിന്റെ 29.12.2017ലെ ജി.ഒ (എം.എസ്.) നമ്പർ 448/2017/ആർ ഡി ഉത്തരവ് എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

4. ഭൂമി ഏറ്റെടുക്കുകയും അതിന്റെ അതിർത്തിയിലൂടെ മതിൽ കെട്ടുകയും ചെയ്താൽ അവശേഷിക്കുന്ന സ്ഥലമുടമകളുടെ ഭൂമിയിലേക്കുള്ള പ്രവേശന സൗകര്യം നഷ്ടപ്പെടുകയാണെങ്കിൽ അവർക്ക് റോഡ് സൗകര്യം ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

5. നിർദ്ദിഷ്ട പദ്ധതി ഭൂമിയിലുള്ള ഔഷധ ചെടിത്തോട്ടവും ,കുളങ്ങളും സംരക്ഷിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

6. വ്യവസായ പാർക്ക് സ്ഥാപിച്ചു കഴിഞ്ഞാൽ അവിടെ ഉണ്ടാകുന്ന മലിനജലം സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ അത്യാവശ്യമാണെന്ന് വിദഗ്ധ സമിതി അഭിപ്രായപ്പെടുന്നു.

7. പദ്ധതിയോടനുബന്ധിച്ചുണ്ടാകാനിടയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷിതത്വ നടപടികൾ സ്വീകരിക്കുന്നതിനും കൂടാതെ മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് പകരം മരത്തൈകൾ വച്ച് പിടിപ്പിക്കണമെന്നുമുള്ളഎന്ന പഠന റിപ്പോർട്ടിലെ നിർദ്ദേശത്തിനോട് ഈ സമിതി യോജിക്കുന്നു.

8. വ്യവസായ പാർക്ക് പൂർണ്ണരൂപത്തിൽ നടപ്പിലാക്കുന്നതോടുകൂടി ഇപ്പോൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി ഉൾപ്പെടെയുള്ള സ്ഥലം തികച്ചും ഉപയോഗ പ്രദമാവുന്നതാണെന്ന്

കാണുന്നു. ആയതിനാൽ ഏറ്റെടുക്കുന്ന ഭൂമി ഏറ്റവും കുറഞ്ഞ അളവിലുള്ളതാണെന്ന് കാണുന്നു.

9. 415 ഓളം ഭൂവുടമകളുടെ സ്ഥലം ഏറ്റെടുക്കുകയും 4 കുടുംബം കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും അവർക്കുള്ള പുനരധിവാസ പാക്കേജ് ആനുകൂല്യം ലഭ്യമാക്കി കഴിഞ്ഞാൽ ഒരു സംസ്ഥാനത്തിന്റെ തന്നെ സമഗ്ര വികസനത്തിന് മുതൽകൂട്ടാവുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് നിലവിൽ വരികയെന്നതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുത്താലുണ്ടാകാവുന്ന നേട്ടം പദ്ധതി മൂലമുള്ള പ്രത്യാഘാതത്തേക്കാൾ കൂടുതലാണെന്ന് വിദഗ്ധ സമിതി വിലയിരുത്തുന്നു.

ആയതിനാൽ മേൽ വിവരിച്ച വ്യവസ്ഥകൾക്ക് വിധേയമായി നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

എൻ.കെ അനിത
വാർഡ് മെമ്പർ
കീഴല്ലൂർഗ്രാമപഞ്ചായത്ത്

പി വി സലീന
മെമ്പർ
കൂടാളിഗ്രാമപഞ്ചായത്ത്

ഗോപി.എം
സാമൂഹ്യ ശാസ്ത്രജ്ഞൻ
വിദഗ്ധ സമിതി

രാജൻ .പി
റിട്ട.ഡപ്യൂട്ടികലക്ട്ർ
പുനരധിവാസ പ്രവർത്തന
വിദഗ്ധൻ

കെ.വി ഗംഗാധരൻ
അഡ്വൈസർ
(എൽ.എം),കിൻഫ്ര

സി.എം.മുരളീധരൻ
റിട്ട.ഡപ്യൂട്ടി കലക്ട്ർ
പുനരധിവാസപ്രവർത്തന
വിദഗ്ധൻ

ജിജി.കെ
സാമൂഹ്യ ശാസ്ത്രജ്ഞ
ചെയർപേഴ്സൺ,വിദഗ്ധ സമിതി